മണൽചാക്ക് അടുക്കുകയും അവശ്യം വേണ്ടിടത്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കരിങ്കൽഭിത്തി നിർമ്മിക്കുകയും ചെയ്തുവരുന്നു.

8 (*184) പാരമ്പര്യേതര വൈദ്യുതി ഉല്പാദനം

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെ നിന്നെല്ലാം പാരമ്പര്യേതര രീതിയിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്;

(ബി) ഈ സ്ഥലങ്ങളിൽ ഏതെല്ലാം രീതിയിലാണ് വൈദ്യുതി ഉല്പാദിപ്പിക്കുന്നത്;

(സി) എത്ര മെഗാവാട്ട് വൈദ്യുതി ഇപ്രകാരം ഉല്പാദിപ്പിക്കുന്നുണ്ട്;

(ഡി) ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് യൂണിറ്റിന് എന്തു ചെലവു വരും;

(ഇ) കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങൾ സംസ്ഥാനത്ത് എവിടെയെല്ലാമുണ്ട്;

(എഫ്) ഇപ്രകാരം വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഇന്ധന ചെലവുണ്ടോ എന്നറിയിക്കുമോ; ഇല്ലെങ്കിൽ താപവൈദ്യുതി നിലയങ്ങൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയേക്കാൾ കുറഞ്ഞ ചെലവിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമോ;

(ജി) എങ്കിൽ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിന്നെല്ലാം കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, കോടമല എന്നിവിടങ്ങളിൽ നിന്നും.

(ബി) കാറ്റിൽ നിന്ന്. കൂടാതെ വിവിധ സ്ഥലങ്ങളിൽ സോളാർ എനർജി ഉപയോഗിച്ചും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

(സി) കാറ്റിൽ നിന്ന് 2.25 മെഗാവാട്ടും, സോളാർ എനർജിയിൽ നിന്ന് 4.72 കിലോവാട്ടും.

(ഡി) കഞ്ചിക്കോടിന്റെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഒരു രൂപ തൊണ്ണൂറ്റി എട്ട് പൈസ.

(ഇ) പാലക്കാട്, ഇടുക്കി, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിൽ.

(എഫ്) ഇല്ല. താപവൈദ്യുത നിലയത്തേക്കാൾ കാറ്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില കുറവാണോ എന്നത് ഓരോ സ്ഥലത്തും ആവശ്യമായി വരുന്ന മുതൽമുടക്കിനെ ആശ്രയിച്ചിരിക്കും. ആയതുകൊണ്ട് താപ വൈദ്യുത നിലയത്തിനേക്കാൾ ഉല്പാദന ചെലവ് കുറവോ കൂടുതലോ എന്നു നിർണ്ണയിക്കാൻ ഇപ്പോൾ സാധിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) വിശദമായ പഠനങ്ങൾ നടത്തിയശേഷം അനുയോജ്യമായ സ്ഥലങ്ങളിൽ കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

9 (*185) ബാലവേല നിരോധന നിയമം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലവേല നിരോധിച്ചുകൊണ്ടുള്ള നിയമം കർശനമായി പാലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കശുവണ്ടി, കയർ മുതലായ പരമ്പരാഗത വ്യവസായങ്ങളിലും,ഹോട്ടൽ, തീപ്പെട്ടി വ്യവസായങ്ങളിലും ബാലവേല നിരോധനം കർശനമായി പാലിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം അന്വേഷിക്കുമോ;

(സി) നിയമം കർക്കശമായി പാലിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ:

(ഡി) നിയമം ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്. ബാലതൊഴിൽ പൂർണ്ണമായും നിരോധിച്ചുകൊണ്ട് സംസ്ഥാനത്ത് പുതിയ ഒരു നിയമം നടപ്പിലാക്കുന്നതിന്റെ സാധ്യതയും അതിന്റെ കരട് ബില്ലും സർക്കാർ നിയമവകുപ്പിൽ പരിശോധിച്ചു വരികയാണ്.

(ബി) ഇതു സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ 1986-ലെ ചൈൽഡ്‌ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമപ്രകാരം അപകടകരമായ ചില തൊഴിൽ മേഖലകളിൽ ബാലതൊഴിൽ പൂർണ്ണമായി നിരോധിച്ചിട്ടുള്ളതും മറ്റുമേഖലകളിൽ ചില വ്യവസ്ഥകൾക്ക് വിധേയമായി ക്രമീകരിച്ചിട്ടുള്ളതുമാണ്. അതിനാൽ കേന്ദ്രനിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി ബാലതൊഴിൽ പൂർണ്ണമായും നിരോധിച്ചുകൊണ്ട് സംസ്ഥാനത്ത് പുതിയ ഒരു നിയമം നടപ്പിലാക്കുന്നതിനുള്ള സാധ്യതയും അതിന്റെ കരടുബില്ലും സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ബാലവേലക്കെതിരെ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുവാനും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനും തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളിൽ ശ്രദ്ധയിൽപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്ത് ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly